

# ഷർട്ട് റ്റു റ്റോട്ട് ബാഗ്

*നമ്മുക്ക് പഴേ ഷർട്ടുകളിൽ നിന്നും രസകരവും വിചിത്രവുമായ റ്റോട്ട് ബാഗ് എളുപ്പത്തിൽ നിർമ്മിക്കാം.*




## മെറ്റീരിയൽ ലിസ്റ്റ്

രണ്ടു ഫുൾ സ്ലീവ് ഷർട്ടുകൾ  ഞങ്ങൾ ഇതിനായി ഒന്ന് ചെക്റെഡ് ഒന്ന് പ്ലെയിനും.
ഷർട്ട് മീഡിയമോ ലാർജോ സൈസ് ആവാം.
ചോക്ക്
കത്രിക
ബീഡഡ് പിന്നുകൾ




ഒരു ഷർട്ട് എടുത്ത് പൂർണമായും തുറക്കുക. കാണിച്ചിരിക്കുന്ന പോലെ ഷർട്ടിന്റെ ഫ്രന്റ് നിങ്ങളെ ഫേസ് ചെയ്യും വിധം വെയ്ക്കുക. ഈ ബാഗ് നിർമ്മിക്കുന്നത് എളുപ്പമാക്കാൻ 16 ഇഞ്ച് നീളവും 15 ഇഞ്ച് വീതിയുമുള്ള ഒരു ടെംപ്ലേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇനി പോക്കറ്റ് ടെംപ്ലേറ്റിന്റെ അടിയിൽ വരുന്ന തരത്തിൽ സ്‌കോയെർ ടെംപ്ലേറ്റ് ഷർട്ടിന്റെ മുകളിൽ വെയ്ക്കുക. നിങ്ങൾ ടെംപ്ലേറ്റ് ഷർട്ടിനു മുകളിൽ വെയ്ക്കുമ്പോൾ മുകളിൽ കുറഞ്ഞത് 2.5 ഇഞ്ചും വശങ്ങളിൽ 1 ഇഞ്ചും തുണി ഉണ്ടെന്നും പോക്കറ്റിനു മുകളിലാണ് വെയ്ക്കുന്നതെന്നും ഉറപ്പു വരുത്തുക. പോക്കറ്റ് വേണമെന്നും അത് ബാഗിന്റെ തുണിയുടെ ഭാഗമാണ് എന്ന കാര്യം ശ്രദ്ധിക്കുക. ടെംപ്ലേറ്റ് ഷർട്ടിലേക്ക് പിൻ ചെയ്യുക. നിങ്ങൾ തുണിയുടെ രണ്ടു ലയറും പിൻ ചെയ്തു എന്ന് ഉറപ്പുവരുത്തുക. പൂർത്തിയായാൽ,ഒരു കഷ്ണം ചോക്ക് ഉപയോഗിച്ച് ടെംപ്ലേറ്റ് തുണിയിലേക്ക് ഔട്ട് ലൈൻ ചെയ്യുക. ടെംപ്ലേറ്റ് അൺപിൻ ചെയ്യുക. ഇനി ഒരു കത്രിക ഉപയോഗിച്ച് തുണി മുറിച്ചെടുത്തു മാറ്റി വെക്കുക.








ബാഗിന്റെ ബെൽറ്റിനായ് നമ്മൾ 2 1/2 ഇഞ്ച് വീതിയുള്ള മറ്റൊരു ടെംപ്ലേറ്റ് ഉണ്ടാക്കിയിട്ടുണ്ട്. ബെൽറ്റ് ടെംപ്ലേറ്റിന്റെ നീളം സ്ലീവിന്റെ നീളത്തിനു സമാനമാണ്. നമ്മുക്ക് അതിനായ് തുണിയുടെ മൂന്നു കഷ്ണങ്ങൾ ആവിശ്യമാണ്. ടെംപ്ലേറ്റ് സ്ലീവിനു മുകളിൽ വെച്ച് തുണിയുടെ രണ്ടു ലയറിലേക്കും പിന് ചെയ്യുക. ഒരു ചോക്കിന്റെ സഹായത്തോടെ ഔട്ട് ലൈൻ മാർക്ക് ചെയ്യുക. ഒരു കത്രിക ഉപയോഗിച്ചു അടയാളപ്പെടുത്തിയ ലൈനിലൂടെ മുറിച്ചെടുക്കുക. നമ്മളുടെ കൈയിൽ ഇപ്പോൾ രണ്ടു സ്ട്രിപ്പുകൾ തയ്യാറാണ്. അടുത്ത സ്ട്രിപ്പിനായ് കാണിച്ചിരിക്കുന്ന പോലെ  ബാക്കി വന്ന ബോഡി ഫാബ്രിക്കിൽ ടെംപ്ലേറ്റ് വെയ്ക്കുക. പിൻ,മാർക്ക്,അൺപിൻ പിന്നെ  കട്ട്.







ചുരുക്കിപ്പറഞ്ഞാൽ ബാഗിനായി രണ്ടു ചതുരക്കഷ്ണങ്ങളും ബെൽറ്റിനും ഹാൻഡ്‌ലിനുമായി മൂന്ന് സ്ട്രിപ്പുകളും നമ്മുടെ കയ്യിൽ ഉണ്ട്.



















ഇതേ സ്റ്റെപ്പുകൾ നമ്മൾ അടുത്ത ഷർട്ടിലും ആവർത്തിക്കും. മുൻപത്തെ പോലെ രണ്ടു ചതുരക്കഷ്ണങ്ങളും ഹാൻഡ്‌ലിനായ് മൂന്ന് സ്ട്രിപ്പുകളും. ആദ്യം ഹാൻഡിൽ പിൻ ചെയ്യാം. ആദ്യത്തെ രണ്ടു സ്ട്രിപ്പിന്റെ മുകൾഭാഗം റൈറ്റ് സൈഡ് ഫേസ് ചെയ്യും വിധം യോജിപ്പിക്കാം എന്നിട്ട് കാണിച്ചിരിക്കുന്ന പോലെ പിൻ ചെയ്യുക.

ഇനി രണ്ടാമത്തെ സ്ട്രിപ്പിന്റെ ബോട്ടം എടുക്കുക എന്നിട്ട് അത് തിരിക്കുക അപ്പോൾ രണ്ടാമത്തെ സ്ട്രിപ്പിന്റെ റൈറ്റ് സൈഡ് ബോട്ടം കാണിച്ചിരിക്കുന്ന പോലെ മൂന്നാമത്തെ സ്ട്രിപ്പിന്റെ റൈറ്റ് സൈഡ് ടോപ്പുമായ് മാച്ച് ആകും എന്നിട്ട് ഇവ ഒരുമിച്ചു പിൻ ചെയ്യുക. ചതുരക്കഷ്ണങ്ങളിലേക്ക് നീങ്ങുന്നു. അവ റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യും വിധം വെച്ച് വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ നാല് മൂലകളും പിൻ ചെയ്യുക. നമ്മൾക്കു മുകൾഭാഗം ഒഴിവാക്കി ബാക്കി എല്ലാ വൃഷ്ണങ്ങളും തുന്നണം.

സൂച്ചിപ്പിച്ച പോലെ പക്ഷെ തുന്നുമ്പോൾ ഒരു 3 ഇഞ്ച് ഓപ്പണിങ് ഇടുക അപ്പോൾ നിങ്ങൾക്കു ബാഗ് ഉള്ളിൽ നിന്നും പുറമേക്ക് തിരിക്കാനാവും. ഒരു ചോക്ക് ഉപയോഗിച്ച് ഓപ്പണിങ് മാർക്ക് ചെയ്യുക.
ചേക്കേഡ് ഷർട്ടിലേക്ക് നീങ്ങുന്നു. പ്ലെയിൻ ഷർട്ട് കഷ്ണങ്ങൾ പോലെ രണ്ടു മെലിഞ്ഞ സ്ട്രിപ്പുകളുടെയും മുകൾഭാഗം റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യും വിധം യോജിപ്പിക്കുക. എന്നിട്ട് നടുവിലെ സ്ട്രിപ്പിന്റെ ബോട്ടം എടുത്ത് തേർഡ് സ്ട്രിപ്പിന്റെ റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യുന്ന തരത്തിൽ മടക്കുക. മുകൾഭാഗം പിൻ ചെയ്യുക. ഇത് തന്നെ ചതുരത്തിലും ആവർത്തിക്കുക. അവ റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യും വിധം വെച്ച് നാല് മൂലകളും പിൻ ചെയ്യുക.ഓർക്കുക, ഈ പീസിന് നിങ്ങൾ 3 ഇഞ്ച് ഗാപ് ഇടേണ്ടതില്ല.

അങ്ങനെ വിശദമായ എല്ലാ കട്ടിങ്ങിനും പിനിങ്ങിനും ശേഷം ഇത് തുന്നലിലേക്ക് കടക്കാനുള്ള സമയമാണ്. നിങ്ങളുടെ ചേക്കേഡ് തുണി നിങ്ങളുടെ ഉഷ ജനോം അല്ലൂർ ഡി എൽ എക്സ് മാച്ചിനിലേക്ക് കൊണ്ടുവരിക. ചതുരക്കഷ്ണത്തിന്റെ അരികു പ്രെസെർ ഫൂട്ടിന്റെ അടിയിൽ വെയ്ക്കുക. പാറ്റേൺ സെലെക്ടർ ഡയൽ എ ആയും സ്റ്റിച്ച് ലെങ്ത് 2.5 ആയും സെറ്റ് ചെയ്ത് കൃത്യമായ വേഗത്തിൽ തുന്നാൻ ആരംഭിക്കുക. ഓർക്കുക, നമ്മൾക്ക് മൂന്ന് വശങ്ങളും തുന്നി മുകൾ ഭാഗം ഒഴിവാക്കി ഓപ്പൺ ആക്കി വിടണം. നിങ്ങൾ മൂലകളിൽ എത്തുമ്പോൾ നിർത്തി നൂൽ മുറിച്ചു തുന്നൽ തുടരുക. നിങ്ങൾ പൂർത്തിയാക്കിയാൽ വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ എല്ലാ ഫ്രെയിങ് എഡ്ജുകളും മുറിച്ചുമാറ്റുക. ഒരു തിരിഞ്ഞുനോട്ടം, നമ്മൾ എല്ലാ വശങ്ങളും ബോട്ടവും തുന്നി, മുകൾഭാഗം തുറന്നു വിട്ടു.
ഇനി, പിൻ ചെയ്ത സ്ട്രിപ്പുകൾ എടുത്ത് വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ ഒരു അറ്റം തുന്നുക. തുന്നലുകൾ സുരക്ഷിതമാക്കാൻ തുടക്കത്തിലും അവസാനവും റിവേഴ്സ് സ്റ്റിച്ചുകൾ ചെയ്യാൻ മറക്കരുത്. നിങ്ങൾ പൂർത്തിയാക്കിയ ശേഷം പിന്നുകൾ ഊരിമാറ്റി അടുത്ത എൻഡിലേക്ക് നീങ്ങുക. അടുത്ത എൻഡും തുന്നുക പിന്നുകൾ ഊരിമാറ്റുക. നിങ്ങൾ കാണുന്നതുപോലെ നമ്മൾ മൂന്ന് സ്ട്രിപ്പുകളും ഒരുമിച്ചു യോജിപ്പിച്ചു.

അടുത്തതായി, പ്ലെയിൻ ഷർട്ട് എടുക്കുക. ഒരു സൈഡിൽ നിന്നും തുന്നാൻ ആരംഭിക്കുക പക്ഷെ ബാഗ് ഉള്ളിൽ നിന്നും പുറമേക്ക് തിരിക്കാനായി ഒരു 3 ഇഞ്ച് ഗ്യാപ് സ്റ്റിച്ച് ചെയ്യാതെ വിടുക. മാർക്കിൽ റിവേഴ്സ് സ്റ്റിച്ച് ചെയ്യുക. നൂൽ മുറിച്ചു അടുത്ത മാർക്കിൽ നിന്നും തുന്നാൻ ആരംഭിക്കുക. നിങ്ങൾ മൂലയിൽ എത്തുന്നത്‌വരെ തുന്നുക എന്നിട്ട് നൂൽ മുറിക്കുക. മറ്റു രണ്ടു വശങ്ങളിലും ഇതേ പ്രക്രിയ തുടരുക. അവ പ്രെസെർ ഫൂട്ടുമായ് അലൈൻ ചെയ്തു മൂലയിൽ എത്തുന്നതുവരെ തുന്നൽ തുടരുക. ഓർക്കുക നമ്മൾക്ക് മുകൾഭാഗം തുന്നതെ വിടണം.നിങ്ങൾ കാണുന്നതുപോലെ ഗ്യാപ്പും തുന്നതെ വിട്ടിരിക്കുന്നു.










അങ്ങനെ വിശദമായ എല്ലാ കട്ടിങ്ങിനും പിനിങ്ങിനും ശേഷം ഇത് തുന്നലിലേക്ക് കടക്കാനുള്ള സമയമാണ്. നിങ്ങളുടെ ചേക്കേഡ് തുണി നിങ്ങളുടെ ഉഷ ജനോം അല്ലൂർ ഡി എൽ എക്സ് മാച്ചിനിലേക്ക് കൊണ്ടുവരിക. ചതുരക്കഷ്ണത്തിന്റെ അരികു പ്രെസെർ ഫൂട്ടിന്റെ അടിയിൽ വെയ്ക്കുക. പാറ്റേൺ സെലെക്ടർ ഡയൽ എ ആയും സ്റ്റിച്ച് ലെങ്ത് 2.5 ആയും സെറ്റ് ചെയ്ത് കൃത്യമായ വേഗത്തിൽ തുന്നാൻ ആരംഭിക്കുക. ഓർക്കുക, നമ്മൾക്ക് മൂന്ന് വശങ്ങളും തുന്നി മുകൾ ഭാഗം ഒഴിവാക്കി ഓപ്പൺ ആക്കി വിടണം. നിങ്ങൾ മൂലകളിൽ എത്തുമ്പോൾ നിർത്തി നൂൽ മുറിച്ചു തുന്നൽ തുടരുക. നിങ്ങൾ പൂർത്തിയാക്കിയാൽ വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ എല്ലാ ഫ്രയിങ്ങ് എഡ്ജുകളും മുറിച്ചുമാറ്റുക. ഒരു തിരിഞ്ഞുനോട്ടം, നമ്മൾ എല്ലാ വശങ്ങളും ബോട്ടവും തുന്നി, മുകൾഭാഗം തുറന്നു വിട്ടു.
ഇനി, പിൻ ചെയ്ത സ്ട്രിപ്പുകൾ എടുത്ത് വീഡിയോയിൽ കാണിച്ചിരിക്കുന്ന പോലെ ഒരു അറ്റം തുന്നുക. തുന്നലുകൾ സുരക്ഷിതമാക്കാൻ തുടക്കത്തിലും അവസാനവും റിവേഴ്സ് സ്റ്റിച്ചുകൾ ചെയ്യാൻ മറക്കരുത്. നിങ്ങൾ പൂർത്തിയാക്കിയ ശേഷം പിന്നുകൾ ഊരിമാറ്റി അടുത്ത എൻഡിലേക്ക് നീങ്ങുക. അടുത്ത എൻഡും തുന്നുക പിന്നുകൾ ഊരിമാറ്റുക. നിങ്ങൾ കാണുന്നതുപോലെ നമ്മൾ മൂന്ന് സ്ട്രിപ്പുകളും ഒരുമിച്ചു യോജിപ്പിച്ചു.

അടുത്തതായി, പ്ലെയിൻ ഷർട്ട് എടുക്കുക. ഒരു സൈഡിൽ നിന്നും തുന്നാൻ ആരംഭിക്കുക പക്ഷെ ബാഗ് ഉള്ളിൽ നിന്നും പുറമേക്ക് തിരിക്കാനായി ഒരു 3 ഇഞ്ച് ഗ്യാപ് സ്റ്റിച്ച് ചെയ്യാതെ വിടുക. മാർക്കിൽ റിവേഴ്സ് സ്റ്റിച്ച് ചെയ്യുക. നൂൽ മുറിച്ചു അടുത്ത മാർക്കിൽ നിന്നും തുന്നാൻ ആരംഭിക്കുക. നിങ്ങൾ മൂലയിൽ എത്തുന്നത്വരെ തുന്നുക എന്നിട്ട് നൂൽ മുറിക്കുക. മറ്റു രണ്ടു വശങ്ങളിലും ഇതേ പ്രക്രിയ തുടരുക. അവ പ്രെസെർ ഫൂട്ടുമായ് അലൈൻ ചെയ്തു മൂലയിൽ എത്തുന്നതുവരെ തുന്നൽ തുടരുക. ഓർക്കുക നമ്മൾക്ക് മുകൾഭാഗം തുന്നതെ വിടണം.നിങ്ങൾ കാണുന്നതുപോലെ ഗ്യാപ്പും തുന്നതെ വിട്ടിരിക്കുന്നു.










എന്നിട്ട് ചേക്കേഡ് സ്ട്രിപ്പ് പോലെ തന്നെ പിൻ ചെയ്ത പ്ലെയിൻ സ്ട്രിപ്പ് എടുക്കുക, പിൻ ചെയ്ത അരികുകൾ തുന്നുക. നിങ്ങൾ തുന്നുന്നതിനൊപ്പം പിന്നുകൾ ഊരിമാറ്റുക. ഇത്തരം ചെറിയ സ്ട്രിപ്പുകൾക്കു പോലും റിവേഴ്സ് സ്റ്റിച്ചുകൾ തികച്ചും നിർണായകമാണ്. നിങ്ങളുടെ അവസാന സ്റ്റിച്ചുകൾ ഇങ്ങനെ ഇരിക്കും.

ഇനി, രണ്ടു സ്ട്രിപ്പുകളും അടുത്തടുത്തായി വെയ്ക്കുക. പ്ലെയിൻ കളർ സ്ട്രിപ്പ് ചേക്കേഡ് സ്ട്രിപ്പിന്റെ മുകളിൽ റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യും വിധം വെയ്ക്കുക എല്ലാ മൂലകളും മാച്ച് ചെയ്യുന്നു എന്ന് ഉറപ്പിക്കുക. മാച്ച് ചെയ്ത സ്ട്രിപ്പുകൾ പ്രെസെർ ഫൂട്ടിന്റെ അരികുമായ് അലൈൻ ചെയ്യുക എന്നിട്ട് നീണ്ട വശം തുന്നുക. അറ്റത്തെത്തും വരെ നിങ്ങൾ തുന്നുക. ഹൊറിസോണ്ടൽ എൻഡ് ഒഴിവാക്കി അടുത്ത വശം തുന്നാൻ ആരംഭിക്കുക. നൂൽ മുറിക്കുക. നിങ്ങൾ പൂർത്തിയാക്കിയാൽ, ഒരു ലൂപ്പ് ട്ടർനെർ എടുത്ത് തുന്നാത്ത ഹൊറിസോണ്ടൽ വശത്തിലൂടെ സ്ട്രിപ്പിനുള്ളിലേക്ക് കയറ്റുക. ലൂപ്പ് ട്ടർനെർ അടുത്ത തുന്നാത്ത വശത്തിലൂടെ വരുന്നത് വരെ തുണി പുറകിലേക്ക് വലിക്കുക. ഇനി ലൂപ്പ് തുണിയിലേക്ക് കാണിച്ചിരിക്കുന്ന പോലെ കൊരുക്കുക. ലൂപ്പ് ട്ടർനെർ പുറത്തേക്ക് വലിക്കുക അതെ നിങ്ങൾക്ക് എളുപ്പത്തിൽ സ്ട്രിപ്പ് ഉള്ളിൽ നിന്നും പുറത്തേക്ക് തിരിക്കാനാവും.

നമ്മൾ സീമുകൾ ഫ്ലാറ്റെൻ ചെയ്യേണ്ടതും ബാഗ് ഹാൻഡിൽനു ഒരു വൃത്തിയുള്ള ലുക്ക് നൽകേണ്ടതുമുണ്ട്.
ഇനി ക്രീസുകൾ ഇല്ലാതാക്കാനും ഫോൾഡ് സെറ്റ് ആകാനും സ്ട്രിപ്പ് അയേൺ ചെയ്യാം. അയേണ്ണിന് ശേഷം എത്ര ക്ലീനറും ക്രിസ്പെറും ആയിരിക്കുന്നു എന്ന് നോക്കു! ഇനി ബെൽറ്റിന് ഒരു എഡ്ജ് സ്റ്റിച്ച് നൽകാം.

മെയിൻ ബാഗിൽ വർക്ക് ചെയ്യാനുള്ള സമയമായി. നമ്മൾ തുന്നിയ രണ്ടു ചതുരക്കഷ്ണങ്ങൾ എടുത്ത് അടുത്തടുത്തായി വെയ്ക്കുക. നമ്മൾ ചേക്കേഡ് കഷ്ണങ്ങളുടെ അരികുകൾ തുന്നി തുന്നാത്ത വശം എടുത്ത് തുണി ഉള്ളിൽ നിന്നും പുറമേക്ക് തിരിക്കുക അരികുകളിൽ ശ്രദ്ധിക്കുക. വൃത്തിയുള്ള ലുക്കിനായ് മൂലകൾ പുറമേക്ക് തള്ളുക.








ശേഷം പ്ലെയിൻ ലൈനിങ്ങ് ഫാബ്രിക്ക് എടുത്തു കാണിച്ചിരിക്കുന്ന പോലെ റൈറ്റ് സൈഡ് റൈറ്റ് സൈഡിനെ ഫേസ് ചെയ്യും വിധം ചേക്കേഡ് തുണിയുടെ ഉള്ളിലേക്ക് കയറ്റുക. ബാഗ് സ്ട്രാപ്പും കൂടെ ചേക്കേഡ് ഫാബ്രിക്കിന്റെ ഉള്ളിലേക്ക് കയറ്റുക. ഇനി മൂന്നു ലയറുകളുടെയും സ്ഥാനങ്ങൾ ശ്രദ്ധിക്കാം. ലൈനിങ്ങ് ഫാബ്രിക്കിന്റെ സീം സ്ട്രിപ്പിന്റെ അവസാനത്തിലും ശേഷം മെയിൻ ബാഗ് ഫാബ്രിക്ക് ലൈനിങ്ങ് ബാഗ് ഫാബ്രിക്കിന്റെ സീമുമായി മാച്ച് ചെയ്തു സ്ട്രിപ്പിന്റെ നടുവിന് മുകളിലായി വെയ്ക്കുക. ഇത് നിങ്ങൾക്ക് തുണിയുടെ മൂന്ന് ലയർ നൽകും. അവ ഒന്നിച്ചു പിൻ ചെയ്യുക. ശ്രദ്ധിക്കുക, സ്ട്രിപ്പ് കാണിച്ചിരിക്കുന്ന പോലെ ലൈനിങ്ങ് ഫാബ്രിക്കിന്റെയും മെയിൻ ഫാബ്രിക്കിന്റെയും ഇടയിൽ വരണം.
മറുവശത്തു ഇതേ പ്രക്രിയ അവർത്തിക്കുന്നതിനു മുൻപ്, ഹാൻഡിൽ ടിസ്റ്റ് ആയിട്ടില്ലെന്നു ഉറപ്പുവരുത്തുകയും രണ്ടു ഫാബ്രിക്കുകളുടെയും ഇടയിൽ പിൻ ചെയ്യുകയും ചെയ്യുക. സീമുകൾ ശ്രേദ്ധിക്കാൻ മറക്കാതിരിക്കുക.
തുന്നുമ്പോൾ അധികം സപ്പോർട്ടിനായ് തുണിയുടെ ഇരുവശത്തും മുകളിൽ പിൻ ചെയ്യുക. ഇപ്പോൾ, നമ്മൾ സൂചിപ്പിച്ചിരിക്കുന്ന പോലെ ടോപ്പിനു ചുറ്റിലുമായി തുന്നണം. തുണി പ്രെസെർ ഫൂട്ടിനടിയിൽ അഡ്ജസ്റ്റ് ചെയ്തു തുന്നാൻ ആരംഭിക്കുക. ബാഗിന്റെ ഓപ്പണിങ്ങിനു ചുറ്റിലും പോവുകയും ഹാൻഡിൽ സീമിലേക്ക് കൃത്യമായി തുന്നി എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. തുന്നലുകൾ സുരക്ഷിതമാക്കാൻ സ്റ്റിച്ചുകളുടെ അറ്റത്തു റിവേഴ്സ് സ്റ്റിച്ച് ചെയ്യുക.നമ്മൾ ലൈനിങ്ങ് തുണിയിൽ വിട്ട മൂന്നു ഇഞ്ച് ഗ്യാപ് ഓർക്കുക. മെയിൻ ചെക്കേഡ് തുണി പുറത്തെടുക്കാനായ് ആ ഗ്യാപ് ഉപയോഗിക്കുക. ഈ ഘട്ടം ക്ഷമയുടെയും ശ്രദ്ധയോടെയും ചെയ്യുക അതിനാൽ പുതുതായി ചെയ്ത തുന്നലുകൾ നിങ്ങൾ മുറിക്കുകയില്ല. ഇനി ഇത് ആ മൂന്ന് ഇഞ്ച് ഗ്യാപ് അടയ്ക്കാനുള്ള സമയമാണ്. തുണി പ്രെസെർ ഫൂട്ടിനടിയിൽ വെച്ച് സ്ട്രൈറ്റ് സ്റ്റിച്ച് ചെയ്തു ആ ഗ്യാപ് ക്ലോസ് ചെയ്യുക.



ഗ്യാപ്പിന്റെ തുടക്കത്തിലും അവസാനവും റിവേഴ്സ് സ്റ്റിച്ച് ചെയ്യാൻ ഓർക്കുക. ഇനി ലൈനിങ്ങ് തിരിച്ചു ബാഗിനുള്ളിലേക്ക് കയറ്റുക. നമ്മൾക്ക് ഇപ്പോൾ ടോപ് ഓപ്പണിങ്ങ് വൃത്തിയാക്കേണ്ടതുണ്ട്. ആദ്യം അയേൺ ചെയ്യേണ്ടതുണ്ട്.

ഓപ്പണിങ്ങ് ഫ്ലാറ്റെൻ ചെയ്തു ഫാബ്രിക്ക് ഫ്ലാറ്റെൻ ചെയ്യാൻ അയേൺ ചെയ്യുക. ബാഗിന്റെ ചുറ്റിലും മുഴുവനായും ഇതേ സ്റ്റെപ് ചെയ്യുക.ഇനി ഒരു സ്റ്റെപ്പ് കൂടെയേ ഉള്ളു. ബാഗിന്റെ ടോപ്പ് ഓപ്പണിങ്ങ് പ്രെസെർ ഫൂട്ടിന്റെ അടിയിൽ റൈറ്റ് സൈഡ് മുകളിലേക്കാക്കി വെച്ച് ഫോൾഡ് സ്ഥാനത്തു ഉറപ്പിക്കാനായി ഒരു ടോപ് സ്റ്റിച്ച് ചെയ്യുക.

ഇത് നമ്മൾ പൂർത്തിയാക്കി, നമ്മുടെ ഡി ഐ വൈ ബാഗ് തയ്യാറായി. നിങ്ങളുടെ ട്ടോട്ടെ ബാഗ് സ്റ്റൈലിഷ് മാത്രമല്ല ഇക്കോ ഫ്രണ്ട്‌ലി കൂടെയാണ്. നിങ്ങൾക്ക് ഇത് ഗ്രോസറി ഷോപ്പിങ്ങിനു കൊണ്ടുപോവാം അല്ലെങ്കിൽ നിങ്ങളുടെ കൈപ്പണിയുടെ മോടി കാണിക്കാൻ കോളേജിൽ വരെ കൊണ്ട് പോവാം. ചെറിയ പോക്കറ്റ് നിങ്ങളുടെ ഗ്ലാസ്സുകൾ,ചില്ലറ അല്ലെങ്കിൽ പെട്ടെന്ന് ലഭിക്കേണ്ട സാധനങ്ങൾ സൂക്ഷിക്കാൻ ഉപയോഗിക്കാം. ഞങ്ങൾക്ക് ഇത് വളരെ ഇഷ്ടപെട്ടു. നിങ്ങൾക്ക് എന്ത് തോന്നുന്നു എന്ന് കംമെന്റിൽ ഞങ്ങളെ അറിയിക്കുക. ലൈക്,ഷെയർ ചെയ്യാനും സബ്സ്ക്രൈബ് ചെയ്യാനും മറക്കരുതേ!